**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 482</u>** **<u>28-06-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കുള്ള സാമ്പത്തികാനുമതി.</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് ധനകാര്യ വകുപ്പ് അനുമതി നൽകാത്തതിനാൽ ഭരണാനുമതിക്ക് തടസം നേരിടുന്ന സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് ധനവകുപ്പിന്റെ അനുമതിയോടുകൂടി ഭരണാനുമതി നൽകുന്നതിന് നിലവിൽ തടസങ്ങളൊന്നുമില്ല. |
| (ബി) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സുപ്രധാന പാതയായ ചാത്തന്നൂർ - പരവൂർ - പാരിപ്പള്ളി റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ അനുമതി ഉണ്ടാകണമെന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ? | (ബി) | 10 കോടി രൂപ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളതും 2 കോടി രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുള്ളതുമായ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സുപ്രധാന പാതയായ ചാത്തന്നൂർ - പരവൂർ - പാരിപ്പള്ളി റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്ന പ്രൊപ്പോസൽ 05/05/2022 ലെ ഭരണാനുമതി കമ്മിറ്റി പരിശോധിക്കുകയും എസ്റ്റിമേറ്റ് തുക 5 കോടിയിൽ അധികരിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്രൊപ്പോസൽ വിശദമായ പരിശോധനയ്ക്ക് പ്രത്യേകം ഫയലായി സമർപ്പിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി. ഇപ്രകാരം ഭരണ വകുപ്പ് ഫയൽ ലഭിക്കുന്ന മുറയ്ക്ക് പ്രൊപ്പോസൽ പരിശോധിച്ച് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ